പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1630 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| തോട്ടംമേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. എസ്. രാജേന്ദ്രൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയുംവകുപ്പു മന്ത്രി) |
| (എ) തോട്ടംമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യക്ഷേമവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ; | (എ) തോട്ടംമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പിൽ പദ്ധതികളൊന്നും നിലവിലില്ല. |
| (ബി) തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് പോഷകാഹാരവും പ്രതിരോധ കുത്തിവെയ്പ്പും മറ്റും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി)ഐ.സി.ഡി.എസ് പദ്ധതി പ്രകാരം അംഗൻവാടികൾ വഴി തോട്ടംമേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരവും പ്രീസ്കൂൾ വിദ്യാഭ്യാസവും നൽകി വരുന്നുണ്ട്. ടി കുഞ്ഞുങ്ങൾക്ക് പ്രതിരോധകുത്തിവയ്പ് യഥാസമയം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുമായി സഹകരിച്ചും പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) തോട്ടം മേഖലയിൽ കൂടുതലായി അംഗൻവാടികൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) സംസ്ഥാനത്ത് തോട്ടം മേഖലയിൽ അനുവദിച്ചിട്ടുള്ള അംഗൻവാടികളിൽ 5 എണ്ണം (ഇടുക്കി-4, കോട്ടയം-1) ഇനിയും പ്രവർത്തനം ആരംഭിക്കുവാനുണ്ട്. ടി സ്ഥലങ്ങളിൽ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് തോട്ടം ഉടമകൾ വിമുഖത കാട്ടുന്നതിനാലാണ് കാലതാമസം നേരിടുന്നത്. കൂടുതൽ അംഗൻവാടികൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ